LIBRARY ARCHIVES Kerala Legislative Assembly

നബാർഡ് നൽകിയ വായ്പാ വിവരങ്ങൾ

112 [1339] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനും വികസനത്തിനുമായി എത്രകോടി രൂപയാണ് നബാർഡിൽ നിന്ന് വായ്പയായി എടുത്തിട്ടുള്ളത്;

(ബി) ഈ കാലയളവിൽ എത്രകോടി രൂപ നബാർഡിലേക്ക് തിരിച്ചടച്ചിട്ടുണ്ട്; നിലവിൽ നബാർഡിന്റെ പലിശ നിരക്ക് എത്രശതമാനമാണ്; പലിശ ഇനത്തിൽ കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് നബാർഡിന് നൽകിയിട്ടുള്ളത്; ഇവ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഓരോ പ്രവർത്തിക്കുതന്നെ നിരവധി തവണ നബാർഡിൽനിന്നും വായ്പ എടുത്തതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം സർക്കാർ പരിശോധിക്കുമോ?

ഉത്തരം

(എ) 2001-02 (ആർ. ഐ. ഡി. എഫ്. VII)

32 പാലങ്ങൾ	..	67.81 കോടി
15 റോഡുകൾ	..	32.15 കോടി

2002-03 (ആർ. ഐ. ഡി. എഫ്. VIII)

44 പാലങ്ങൾ	..	69.80 കോടി
38 റോഡുകൾ	..	69.62 കോടി

2003-04 (ആർ. ഐ. ഡി. എഫ്. IX)

98 പാലങ്ങളുടേയും 76 റോഡുകളുടേയും പ്രോജക്ട് റിപ്പോർട്ടുകൾ നബാർഡിന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ബാധകമല്ല.